## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1366** **06/03/2018** ൽ മറുപടിക്ക്

## തെരുവ് നായ ശല്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി. ജോർജ്** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന, പേ പിടിച്ചതും അല്ലാത്തതുമായ തെരുവ് പട്ടികളുടെ കടി, മറ്റ് ഉപദ്രവങ്ങൾ എന്നിവ മൂലം സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ പിഞ്ചുകുട്ടികളും മുതിർന്നവരും ഉൾപ്പെടെയുള്ളവർ കഷ്ടത്തിലാകുന്നതിനെതിരെ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | **എ)** സംസ്ഥാനത്ത് തെരുവുനായ വ്യാപനം തടയുന്നതിനായി നടപ്പിലാക്കി വരുന്ന എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും, മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. ഇതോടൊപ്പം തന്നെ പേ വിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്ത് നായകൾക്കും നൽകി വരുന്നു. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എ.ബി.സി. റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടിപടി സ്വീകരിച്ചിട്ടുണ്ട്. |
| **ബി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നായ്ക്കളുടെ കടിയേറ്റും മറ്റും സംസ്ഥാനത്ത് എത്ര പേർ മരിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | **ബി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 12 പേർ തെരുവ്നായ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 2 |
| ആലപ്പുഴ | 1 |
| മലപ്പുറം | 2 |
| കോഴിക്കോട് | 1 |
| കണ്ണൂർ | 2 |
| കോട്ടയം | 1 |

| | |
|---|---|
| **സി)** അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന അക്രമികളായ നായ്ക്കളെ കൊല്ലുവാൻ നിലവിൽ നിയമം ഉണ്ടോ; വ്യക്തമാക്കുമോ ; | **സി)** ഇല്ല. പാർലമെന്റ് പാസ്സാക്കിയ 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായ്ക്കളെ മാത്രമേ കൊല്ലാൻ അനുവാദമുള്ളൂ. എ.ബി.സി. റൂൾസിലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായകളെ മാത്രമേ കൊല്ലാൻ വ്യവസ്ഥയുള്ളൂ. |
| **ഡി)** അക്രമികളായ നായ്ക്കളെ കൊന്നതിന്റെ പേരിൽ സംസ്ഥാനത്ത് ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | **ഡി)** വിവരം ശേഖരിച്ച് നൽകുന്നതാണ് |
| **ഇ)** അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പട്ടികൾക്ക് ഭക്ഷണം ലഭിയ്ക്കുന്നത്, ജനങ്ങൾ പൊതുസ്ഥലത്ത് വലിച്ചെറിയുന്ന ഭക്ഷണ പദാർത്ഥങ്ങൾ വഴിയാണെന്ന കാര്യം മനസ്സിലാക്കി ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിവരിക്കാമോ? | **ഇ)** ശുചിത്വമിഷന്റെ സഹായത്തോടുകൂടി നിടപ്പിലാക്കുന്ന പദ്ധതികളുടെയും തനതായ ശുചീകരണ ബോധവൽക്കരണ പരിപാടികളുടെയും ഗാർഹികമാലിന്യങ്ങളും ഹോട്ട ൽ ഭക്ഷണ അവശിഷ്ടങ്ങളും പൊതു നിരത്തുകളിലും മറ്റു പൊതുയിടങ്ങളിലും നിക്ഷേപിക്കുന്നത് തടയുന്നതിനും അവ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ